പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 91 . 01-12-2014-ൽ മറുപടിയ്ക്ക്

നീര ടോഡി ബോർഡ് രൂപീകരണം

ചോദ്യം:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ.വി.ഡി. സതീശൻ
ശ്രീ.ജോസഫ് വാഴയ്ക്കൻ

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) & (ബി) | കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോൽപാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13.5.2014-ലെ ജി.ഒ.(എം.എസ്) 66/2014/നി.വ പ്രകാരം നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | | |
| (സി) | ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കേര കർഷകരുടെ താല്പര്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിവകുപ്പിനേയും, കള്ളുചെത്തു തൊഴിലാളികളുടെ തൊഴിലിനേയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി എക്സൈസ് വകുപ്പിനേയും ഏകോപിപ്പിച്ചു കൊണ്ടാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ പ്രസ്തുത പഠനത്തി നായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | സംസ്ഥാനത്തെ കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുവാനും നീരയുടെ ഉല്പാദനവും വിപണനവും സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി പത്തംഗ ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയമിക്കുകയും കമ്മിറ്റിയുടെ ശുപാർയുടെ അടിസ്ഥാനത്തിൽ നാളികേര നീര ബോർഡ് രൂപീകരിക്കുന്നതു സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും തുടർന്ന് തൊഴിലാളി യൂണിയൻ പ്രതിനിധികളുമായും ഉദ്യോഗസ്ഥ അനുദ്യോഗസ്ഥരുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് കാർഷികോൽപാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ